ജനാധിപത്യത്തെ ശക്തിപ്പെടുത്താനുള്ള രാഷ്ട്രീയ അന്വേഷണത്തിന്റെ വേദികൂടിയാണ് തെരഞ്ഞെടുപ്പ്. നിലവിലുള്ള രാഷ്ട്രീയം ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ തുടർച്ചയായി പരാജയപ്പെടുന്ന സാഹചര്യത്തിൽ പുതിയ രാഷ്ട്രീയഅന്വേഷണത്തിന്റെ ദിശ എന്താകണമെന്നതിനെക്കുറിച്ചുള്ള ആശയങ്ങൾ പങ്കുവെയ്ക്കുകയാണ് **കെ. വേണു** ഈ അഭിമുഖത്തിൽ

# ജനാധിപത്യവത്ക്കരണത്തിന്റെ പുതിയ സാധ്യതകൾ

**ഗ്രാമസഭകൾ നിർജ്ജീവമായത് നമ്മുടെ ജനാധിപത്യത്തിന്റെ ജനകീയ അടിത്തറയെ നിർജ്ജീവമാക്കുന്നതായാണ് കാണാൻ കഴിയുന്നത്. ഗ്രാമസഭകളെ ശക്തിപ്പെടുത്തേണ്ടതുണ്ടോ ? ജനാധിപത്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു സംവിധാനം എങ്ങിനെയാണ് നിലനിൽക്കേണ്ടത്?**

ഗ്രാമസഭകൾ ഇന്ന് പൂർണ്ണമായും നിഷ്ക്രിയമാണ്. പഞ്ചായത്തീരാജ് ബില്ലിന്റെ ഭാഗമായാണ് ഗ്രാമസഭകൾ കൂടുന്നതും അധികാരവികേന്ദ്രീകരണത്തിന്റെ പ്രക്രിയകളും മുന്നോട്ട് വന്നത്. ഗ്രാമസഭകളെ ഉപയോഗിച്ചുകൊണ്ടാണ് ഇവിടെ ജനകീയാസൂത്രണം സജീവമാക്കാൻ നോക്കിയത്. വികസനത്തെ കുറിച്ചുള്ള പല ചർച്ചകളും ആദ്യകാലങ്ങളിൽ ഗ്രാമസഭകളിൽ നടന്നിരുന്നു. ജനങ്ങൾ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഗ്രാമസഭകൾക്ക് അധികാരമില്ല എന്നതാണ് തിരിച്ചടിയായത്. അത് ഭരണഘടനാപരമായി തന്നെ പരിഹരിക്കേണ്ട വിഷയമാണ്. ഗ്രാമസഭകളിൽ ജനങ്ങളുടെ അഭിപ്രായം സ്വരൂപിക്കപ്പെടുന്നുണ്ട്.പക്ഷെ അന്തിമ തീരുമാനമെടുക്കുന്നത് പഞ്ചായത്ത് മെമ്പർമാരുടെ സമിതി തന്നെയാണ്. ഗ്രാമസഭകൾ എടുക്കുന്ന തീരുമാനം പഞ്ചായത്ത് മെമ്പർമാരുടെ സമിതിയിൽ പലപ്പോഴും ചർച്ച ചെയ്യാറില്ല. പഞ്ചായത്തീരാജ് നിയമവും ജനകീയാസൂത്രണവും ഫലപ്രദമാകുന്നത് ഗ്രാമസഭകൾക്ക് നിയമപരമായ അധികാരം നൽകുമ്പോൾ മാത്രമാണ്. അല്ലാത്തപക്ഷം ഇപ്പോൾ നടക്കുന്നതുപോലെ ആനുകൂല്യം കിട്ടാൻ ആളുകൾ ഒത്തുകൂടുന്ന ഒരു സ്ഥലമായി ഗ്രാമസഭകൾ അവശേഷിക്കും.

**നിയമപരമായ അധികാരമില്ലെങ്കിലും രാഷ്ട്രീയപാർട്ടികളേയും ഭരണസംവിധാനങ്ങളേയും ചലിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ജനകീയ സമ്മർദ്ദം രൂപപ്പെടുത്താനുള്ള വേദിയാകാൻ ഗ്രാമസഭകൾക്ക് കഴിയുമോ?**

ഇല്ല, ഗ്രാമസഭകൾക്ക് അത് സാധ്യമല്ല. ജനകീയബോധമെന്ന സങ്കല്പത്തിൽ നിന്നുണ്ടാകുന്ന ആശയമാണത്. കുറച്ചാളുകൾ മുൻകൈയെടുത്ത് പ്രവർത്തിക്കുകയാണെങ്കിൽ കുറച്ചുനാൾ അത് നടന്നേക്കാം. സാംസ്കാരികവിപ്ലവത്തിന്റെ കാലത്ത് ചൈനയിൽ അത്തരം ചില ശ്രമങ്ങൾ നടന്നിരുന്നു. പ്രത്യയശാസ്ത്രത്തിന്റെ പ്രചോദനഫലമായി കുറച്ചുനാൾ അത് നിലനിന്നു. എന്നാൽ ഒരു വ്യവസ്ഥയോ സംവിധാനമോ ആയി മാറാൻ അതിന് കഴിഞ്ഞില്ല. അതിന് ഘടനാപരമായ മാറ്റം തന്നെ വേണം.

**പുതിയതായി ഉയർന്നുവരുന്ന ജനകീയപ്രസ്ഥാനങ്ങൾക്ക് കക്ഷിരാഷ്ട്രീയത്തിന് അതീതമായ ശരിയായ രാഷ്ട്രീയവിദ്യാഭ്യാസം ജനങ്ങൾക്ക് നൽകാൻ കഴിയുമോ?**

കക്ഷിരാഷ്ട്രയത്തിന് അതീതമായുള്ള ജനാധിപത്യ ബോധവത്ക്കരണം വേണമെന്നാണ് എന്റെയും അഭിപ്രായം. അതിന് പ്രധാനമായും ചെയ്യേണ്ടത് ഭരണസംവിധാനത്തെ സുതാര്യമാക്കുകയാണ്. അതും കക്ഷിരാഷ്ട്രീയത്തിന് അതീതമായി ഉണ്ടായിവരേണ്ടതാണ്. ജനകീയ പ്രസ്ഥാനങ്ങൾ ജനകീയമാണെന്ന് വെറുതെ പറയുക മാത്രമല്ല വേണ്ടത്. എന്താണ് നമുക്ക് ചെയ്യാൻ കഴിയുന്നത് എന്ന ഒരു പ്രായോഗിക പദ്ധതി മുന്നോട്ട് വയ്ക്കണം. പക്ഷെ ഇന്നത്തെ അവസ്ഥയിൽ ജനകീയ പ്രസ്ഥാനങ്ങൾക്ക് അങ്ങിനെയൊരു ധാരണയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അവർ അമൂർത്തമായി മാത്രമാണ് കാര്യങ്ങൾ പറയുന്നത്. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ഭരണസംവിധാനങ്ങളെ സുതാര്യമാക്കാനുള്ള ശ്രമങ്ങൾ അവരുടെ ഭാഗത്ത് നിന്നുമുണ്ടാകണം. എന്നാൽ അതിനെക്കുറിച്ച് വ്യക്തമായ ധാരണയില്ല. ഒരു പോലീസ് അത്രിക്രമമുണ്ടായാൽ അതിനോട് പ്രതികരിക്കുക തുടങ്ങിയ കാര്യങ്ങൾ മാത്രമായി ചുരുങ്ങുകയാണ് ഇന്നും അവരുടെ ജനാധിപത്യബോധം. വിവരസാങ്കേതിക വിദ്യയുടെ വളർച്ച നമ്മുടെ അധികാരഘടനയെ പൊളിക്കുന്നത് അവർ അറിയുന്നില്ല.



**കമ്മ്യൂണിക്കേഷൻ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവത്തിലൂടെ നമ്മളറിയാതെ സാമൂഹിക ഘടനയിൽ പൊളിച്ചെഴുത്ത് നടക്കുന്നുണ്ട്. നമ്മുടെ സമൂഹത്തിന് സമാന്തരമായി ജീവിക്കുന്ന വേറൊരു സമൂഹമാണ് അതിലുള്ളത്. വരുംകാലത്ത് അത് കൂടുതൽ വിപുലമായി വരും. ഇന്ത്യയിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ എണ്ണം രണ്ട് വർഷത്തിനുള്ളിൽ 8കോടിയിൽ നിന്നും 35 കോടിയിലേക്ക് വളരുമെന്നാണ് കണക്കുകൾ പറയുന്നത്. അതോടെ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ സമൂഹം വളരെ ശക്തമായിത്തീരും. അതുവഴിയുള്ള ജനാധിപത്യവത്ക്കരണത്തിന്റെ സാധ്യതകൾ നാം തെരയേണ്ടതുണ്ട്.**

കമ്മ്യൂണിക്കേഷൻ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവത്തിലൂടെ നമ്മളറിയാതെ സാമൂഹിക ഘടനയിൽ പൊളിച്ചെഴുത്ത് നടക്കുന്നുണ്ട്. നമ്മുടെ സമൂഹത്തിന് സമാന്തരമായി ജീവിക്കുന്ന വേറൊരു സമൂഹമാണ് അതിലുള്ളത്. വരുംകാലത്ത് അത് കൂടുതൽ വിപുലമായി വരും. ഇന്ത്യയിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ എണ്ണം രണ്ട് വർഷത്തിനുള്ളിൽ 8കോടിയിൽ നിന്നും 35 കോടിയിലേക്ക് വളരുമെന്നാണ് കണക്കുകൾ പറയുന്നത്. അതോടെ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ സമൂഹം വളരെ ശക്തമായിത്തീരും. അതുവഴിയുള്ള ജനാധിപത്യവത്ക്കരണത്തിന്റെ സാധ്യതകൾ നാം തിരയേണ്ടതുണ്ട്. കേരളത്തിലെ ഇടതുപക്ഷ ആഭിമുഖ്യമുള്ള സാമൂഹ്യപ്രവർത്തകർക്ക് ഇത്തരം സാങ്കേതിക വിദ്യയോടുള്ള വിയോജിപ്പ് അവർക്കുതന്നെ തിരിച്ചടിയായിത്തീരും. ഈ സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കുക എന്നതാണ് പുരോഗമനപരമായി ചിന്തിക്കുന്ന സാമൂഹ്യപ്രവർത്തകർ ചെയ്യേണ്ടത്. ഉദ്യോഗസ്ഥരംഗങ്ങളിലെ അഴിമതി പൊളിക്കാൻ ഇതുവഴി സാധിക്കും. സാങ്കേതികവിദ്യയുടെ സാധ്യതകളെക്കുറിച്ചുള്ള ബോധവത്ക്കരണം ജനങ്ങൾക്കിടയിൽ നടത്തി, അഴിമതി തടയുന്നതിനുള്ള ഒരുപാധിയായി കമ്മ്യൂണിക്കേഷൻ വിപ്ലവത്തേയും വിവരാവകാശ നിയമത്തേയും ഉപയോഗിച്ചു കൊണ്ടുള്ള ഒരു സാമൂഹിക പ്രവർത്തനം കേരളത്തിൽ നടത്തേണ്ടതുണ്ട്. അത്തരം പ്രവർത്തനങ്ങൾക്കുള്ള തുടക്കമൊന്നും ഈ തിരഞ്ഞെടുപ്പിന് മുന്നോടിയായി നടക്കുമെന്ന് തോന്നുന്നില്ല. അടുത്ത അഞ്ചുകൊല്ലത്തിനുള്ളിൽ മാറ്റങ്ങളുണ്ടായേക്കാം.

**കേരളം പോലെയുള്ള ഒരു സമൂഹത്തിൽ സിവിൽ സൊസൈറ്റി പ്രസ്ഥാനങ്ങൾക്ക് എന്തെല്ലാം സാധ്യതകളാണുള്ളത്?**

ഭരണകൂടസംവിധാനങ്ങൾക്ക് പുറത്തുള്ള ജനം മുഴുവനുമാണ് സിവിൽ സൊസൈറ്റി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അധികാരവുമായി ബന്ധപ്പെടാത്തതെല്ലാം സിവിൽ സൊസൈറ്റിയാണ്. അവർ പല ഗ്രൂപ്പുകളായാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്

ജനാധിപത്യ പ്രക്രിയയിലെ ഒരു പ്രധാനസംഭവമാണ് ഭരണകൂടേതര ജനാധിപത്യം. പലതരം സംഘങ്ങളായി നിന്നാണ്. സിവിൽ സൊസൈറ്റി പ്രവർത്തിക്കുന്നത്. നിർവ്വചന പ്രകാരം സിവിൽ സൊസൈറ്റിയുണ്ടെങ്കിലും അത് അമൂർത്തമായാണ് ഇപ്പോൾ നിൽക്കുന്നത്. കാരണം ആ സൊസൈറ്റി യിലെ സജീവമായ ആളുകളാണ് സാമൂഹികപ്രവർത്തകർ. അവരാണ് സംഘടിക്കുന്നത്. എന്നാൽ അവർ മാത്രമല്ല സിവിൽ സൊസൈറ്റി. അവർക്ക്

പുറത്തുള്ള സമൂഹവുമുണ്ട്.

അവരെല്ലാം വോട്ടുബാങ്കുകളായി വിഭജിച്ച് കിടക്കുകയാണ്. അതുകൊണ്ടാണ് കേരളത്തിൽ പൊതുസമൂഹമില്ല എന്ന് ഞാൻ പറയുന്നത്. ഈ വോട്ടുബാങ്ക് സമൂഹത്തെ പൊളിച്ചാൽ മാത്രമേ സജീവമായ സിവിൽ സൊസൈറ്റി രൂപപ്പെടുകയുള്ളൂ. സിവിൽ സൊസൈറ്റിയിലെ സജീവഗ്രൂപ്പുകളായ സാമൂഹികപ്രവർത്തകർ അതിനു ശ്രമിക്കേണ്ടതുണ്ട്.

**സാമൂഹിക പ്രവർത്തകർ മുന്നോട്ടു വെയ്ക്കേണ്ട പ്രായോഗിക പദ്ധതിയുടെ രൂപരേഖ എങ്ങനെയാകണം? അതിന് എന്തെങ്കിലും മാതൃകകൾ നമുക്കുണ്ടോ?**

ലാറ്റിൻ അമേരിക്കയിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ, ഈസ്റ്റ് യൂറോപ്പിലും ചൈനയിൽ നടന്നത് തുടങ്ങിയ മാതൃകകളാണ് നമുക്കുള്ളത്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ അതൊന്നും അഭികാമ്യമല്ല. ലോകം മാറിയതിന്റെ അടിസ്ഥാനത്തിൽ പഴയ മാതൃകകളെല്ലാം അപ്രസക്തമായി. തികച്ചും പുതിയ ലോകത്തെ കാര്യങ്ങൾ ഉൾക്കൊള്ളുന്ന പുതിയ മാതൃകയാണ് ഉയർന്നുവരേണ്ടത്. പുതിയ ലാറ്റിനമേരിക്കയിൽ തനി മുതലാളിത്തപരമല്ലാത്ത ചില ഇടപെടലുകൾ സാധ്യമാകുന്നുണ്ട്. പക്ഷെ അവരുടെ വിപണിയും സമ്പദ്‌വ്യവസ്ഥയുമൊന്നും രക്ഷപ്പെടുന്നതുമില്ല. സൈദ്ധാന്തികമായി അവർ മുന്നോട്ടുപോയിട്ടില്ല. പ്രാഥമിക തലത്തിൽ കേരളത്തിലെല്ലാം പണ്ട് പരീക്ഷിച്ച കുറച്ച് കാര്യങ്ങൾ മാത്രമാണ് അവിടെ നടക്കുന്നത്. കേരള മോഡൽ എന്നെല്ലാം നമ്മൾ പറഞ്ഞിരുന്ന കാര്യങ്ങളാണ് അവിടെ ഇപ്പോൾ നടക്കുന്നത്. എനിക്ക് കൂടുതൽ സ്വീകാര്യമായ മോഡൽ സ്കാൻഡിനേവിയൻ രാജ്യങ്ങളുടേതാണ്. ആരോഗ്യ, വിദ്യാഭ്യാസ മേഖലയെല്ലാം പൂർണ്ണമായും പൊതുമേഖലയിലാണ്. അഴിമതി വളരെ കുറവാണ്. സേവനമേഖലകൾ പൊതുവായി നിലനിർത്തുകയും ഉത്പാദനമേഖല സ്വകാര്യമായിരിക്കുകയും ചെയ്യുന്ന മോഡലുകളാണ് വേണ്ടതെന്നാണ് എന്റെ അഭിപ്രായം. മാർക്കറ്റിന്റെ മുകളിൽ പൊതുനിയന്ത്രണം വേണമെങ്കിൽ സാധ്യമായ രീതിയിൽ അത് കൊണ്ടുവരാം. സാമൂഹിക നിയന്ത്രണവും സമൂഹത്തിന്റെ ചലനാത്മതകയും എങ്ങനെ ഒരുപോലെ നിലനിർത്താൻ കഴിയും എന്നാണ് പ്രായോഗിക പദ്ധതിയിൽ നാം ആലോചിക്കേണ്ടത്. മത്സരമില്ലാതായാൽ സമൂഹത്തിന്റെ ചലനാത്മകത നഷ്ടമാകും. അത് പ്രകൃതിക്ക് ചേർന്നതുമല്ല. കമ്മ്യൂണിസമെല്ലാം സാമൂഹികനിയന്ത്രണത്തെ കേന്ദ്രീകരിച്ച് ചലനാത്മകതയെ നഷ്ടപ്പെടുത്തുകയാണ് ചെയ്തത്. മനുഷ്യരെല്ലാരും ഒന്നുപോലെയാകണമെന്ന നമ്മുടെയുള്ളിൽ തന്നെയുള്ള ഒരു കൂട്ടായ്മ ബോധത്തിൽ നിന്നുമാണ് കമ്മ്യൂണിസത്തിന് സ്വീകാര്യത കിട്ടിയത്. എന്നാൽ മനുഷ്യർ അങ്ങിനെയല്ല എന്ന വലിയ അനുഭവങ്ങൾ നമുക്കുണ്ടായി. ആ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ നിന്നും പുതിയ പ്രായോഗിക പദ്ധതിയെക്കുറിച്ച് ആലോചിക്കുമ്പോൾ കമ്മ്യൂണിസം സ്വീകാര്യമല്ലാതെയായിത്തീരും.

**ജനകീയ സമരങ്ങളുടെ ഭാഗമായി ഉയർന്നുവന്ന വിഭവങ്ങളുടെ സംരക്ഷണത്തിലും സാമൂഹികനീതിയിലും ഊന്നിയ പുതിയ രാഷ്ട്രീയം വ്യവസ്ഥാപിത രാഷ്ട്രീയപാർട്ടികളുടെ അജണ്ടയെ മാറ്റിത്തീർക്കുമോ?**

വളരെ ഭിന്നമായ താത്പര്യങ്ങളുമായി ബന്ധപ്പെട്ടാണ് ജനകീയസമരങ്ങൾ ഉയർന്നുവരുന്നത്. ആ സമരങ്ങളെ ഏകോപിപ്പിച്ച് നിർത്തി പുതിയ രാഷ്ട്രീയം അവതരിപ്പിക്കാൻ പ്രയാസമുണ്ടാകുന്നതും അതുകൊണ്ടാണ്. വളരെ ഉയർന്ന ഒരു രാഷ്ട്രീയബോധത്തിനുമാത്രമെ അവയെ ഒന്നിപ്പിക്കാൻ കഴിയൂ. അങ്ങിനെയുള്ള ഒരു രാഷ്ട്രീയ ബോധം ജനകീയ സമരങ്ങളിൽ നിന്നും വളർന്നു വരുന്നില്ല. കുറച്ചുപേർക്കുണ്ട് എന്നുമാത്രം. പ്ലാച്ചിമട സമരപ്രവർത്തകരേയും ചെങ്ങറക്കാരേയും ഒരുമിച്ച് ഒരു പ്രസ്ഥാനമായി കൊണ്ടുവരാം എന്നത് സാങ്കല്പികമാണ്. അവരുടെ ചെറിയ താത്പര്യങ്ങളിൽ തന്നെയാണ് അവർ നിൽക്കുന്നത്. അത് പൊതുരാഷ്ട്രീയമായി ഉയർന്നുവരുന്നില്ല. അതുകൊണ്ടാണ് സമരങ്ങൾ ബദലാകുന്നില്ല എന്ന് ഞാൻ പറയുന്നത്. മുഴുവൻ സമരത്തിനും ബാധകമായ ജനാധിപത്യ പ്രക്രിയ രൂപപ്പെടുത്തുക എന്നതുതന്നെയാണ് നമ്മുടെ മുന്നിലെ വെല്ലുവിളി. എല്ലാ വിഭാഗങ്ങൾക്കും ബാധകമായ ഒരു പൊതുചട്ടക്കൂട് എങ്ങനെ മെച്ചപ്പെടുത്തിയെടുക്കണം എന്നതാണ് ചിന്തിക്കേണ്ടത്. ഇത്തരത്തിലുള്ള പുതിയ ജനാധിപത്യ അന്വേഷണം തന്നെയാണ് കേന്ദ്രരാഷ്ട്രീയമാകേണ്ടത് എന്നതാണ് എന്റെ കാഴ്ചപ്പാട്. ആ സംവിധാനത്തിൽ പ്ലാച്ചിമടയും പരിഹരിക്കാൻ കഴിയും. ചെങ്ങറയും പരിഹരിക്കാൻ കഴിയും. സമരത്തിൽ നിന്നല്ല പൊതുരാഷ്ട്രീയമുണ്ടാകുന്നത്. അതിന് വേറെ അന്വേഷണമാണ് ഉണ്ടാകേണ്ടത്.

**പഞ്ചായത്തുകളുടെ അധികാര പരിധി കുറഞ്ഞുകൊണ്ടിരിക്കുന്നത് ജനാധിപത്യരാഷ്ട്രീയത്തെ ദുർബലമാക്കിയിട്ടല്ലേ? പല പദ്ധതികളുടെയും കാര്യത്തിൽ പഞ്ചായത്തിന് എതിർപ്പുണ്ടായിട്ടും സംസ്ഥാനത്തിന്റെ താത്പര്യം പഞ്ചായത്തിനു മേൽ അടിച്ചേൽപ്പിക്കപ്പെടുന്നില്ലേ?**

പഞ്ചായത്തിന്റെ അധികാരത്തെക്കുറിച്ച് ഇപ്പോഴും രാഷ്ട്രീയ അവ്യക്തത നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കാൻ പറ്റുന്ന പ്രശ്നമാണ്. പക്ഷെ അതിനുവേണ്ടി ബോധപൂർവ്വമുള്ള ശ്രമങ്ങളൊന്നും നടക്കുന്നില്ല. ദേശീയ താത്പര്യമുള്ള ഒരു കാര്യത്തിനായി പ്രാദേശിക താത്പര്യങ്ങൾ എങ്ങനെ ഹനിക്കാതിരിക്കാം എന്നതിനെപ്പറ്റി വലിയ സംവാദങ്ങൾ നടക്കേണ്ടതുണ്ട്. കേന്ദ്രീകരണവും വികേന്ദ്രീകരണവും പരസ്പര ബന്ധിതമായി പോകുന്നതാണെന്നാണ് ഞാൻ കരുതുന്നത്. കേന്ദ്രീകരണം ശക്തിപ്പെടുത്തുമ്പോൾ വികേന്ദ്രീകരണവും ശക്തിപ്പെടും.

*അമ്പാടിക്കുളത്തിന് സമീപം, ഒളരി, പുല്ലഴി പി.ഒ., തൃശൂർ*


## വായനക്കാരുടെ പ്രതികരണങ്ങൾ

അറിയിപ്പുകൾ, അഭിപ്രായങ്ങൾ എല്ലാം

**എഴുതുക/വിളിക്കുക/അയക്കുക.**

കേരളീയം, കൊക്കാലെ, തൃശൂർ-21

ഫോൺ : 0487-2421385, 9446576943

e-mail : robinkeraleeyam@gmail.com